# തഫ്ഹീമുൽ ഖുർആൻ ഡിജിറ്റൈസേഷൻ പ്രവർത്തനങ്ങൾക്ക് തുടക്കം

ലോകപ്രശസ്ത ഖുർആൻ വ്യാഖ്യാനഗ്രന്ഥമായ *തഫ്ഹീമുൽ ഖുർആൻ* മലയാള പരിഭാഷയുടെ ഡിജിറ്റൈസേഷൻ പ്രവർത്തനങ്ങൾക്ക് തുടക്കമായി. ഐ.പി.എച്ചിന്റെ ആഭിമുഖ്യത്തിൽ ശാന്തപുരം അൽജാമിഅ അൽ ഇസ്‌ലാമിയ കാമ്പസിൽ സജ്ജമാക്കിയ ഡിജിറ്റൈസേഷൻ പ്രോജക്ട് ഓഫീസിന്റെ ഔപചാരിക ഉദ്ഘാടനം ജമാഅത്തെ ഇസ്‌ലാമി കേരള അമീർ ടി. ആരിഫലി നിർവഹിച്ചു.

അന്ധകാരം മുറ്റിയ ഹൃദയങ്ങളിൽ വെള്ളിവെളിച്ചം പരത്തുന്ന പ്രകാശഗോപുരമാണ് വിശുദ്ധ ഖുർആനെന്ന് അമീർ അഭിപ്രായപ്പെട്ടു. ഒരുവശത്ത് ഹൃദയത്തിൽനിന്ന് ഹൃദയങ്ങളിലേക്ക് അത് അനുസ്യൂതം പ്രസരിക്കുമ്പോൾ മറുവശത്ത് ലിഖിതരൂപത്തിലും പ്രചരിച്ചുകൊണ്ടിരിക്കുന്നു. ഇലക്ട്രോണിക് മീഡിയയുടെ കുതിച്ചുചാട്ടം അതിന് ആക്കം കൂട്ടുകയും ചെയ്തിട്ടുണ്ട്. വിജ്ഞാനം ഒരിക്കലും സങ്കേതങ്ങളിൽ കുടുങ്ങിക്കിടക്കുന്നതാകരുത്. അത് വിനിമയം ചെയ്യപ്പെടണം. സങ്കേതങ്ങൾ മാർഗങ്ങൾ മാത്രമാണ്. അതുപയോഗിച്ച് വിജ്ഞാനം നേടൽ നമ്മുടെ ബാധ്യതയാണ്. മനനമുള്ളത് മനുഷ്യരിലാണ്. യന്ത്രങ്ങൾക്കതില്ല. സാങ്കേതികവിദ്യയുടെ വളർച്ചക്കനുസരിച്ച് വിജ്ഞാനത്തിൽനിന്ന് അകലുന്ന പ്രവണത നാം ഒഴിവാക്കണം. അറിവ് അറിവാകുന്നത് അവ മനുഷ്യരിലേക്ക് ചേർക്കപ്പെടുമ്പോഴാണ്. കടലാസിലാവട്ടെ, സീഡിയിലാവട്ടെ അത് വിവരങ്ങൾ മാത്രമാണ്- അദ്ദേഹം കൂട്ടിച്ചേർത്തു.

കാലഘട്ടത്തിന്റെ നാഡീസ്പന്ദനങ്ങൾ തിരിച്ചറിഞ്ഞ ഖുർആൻ വ്യാഖ്യാന ഗ്രന്ഥമായ *തഫ്ഹീമുൽ ഖുർആൻ* കൂടുതൽ ജനങ്ങളിലേക്കെത്തിക്കാനുള്ള സംരംഭമാണ് ഡിജിറ്റൈസേഷൻ പദ്ധതിയെന്ന് പരിപാടിയിൽ അധ്യക്ഷത വഹിച്ച പ്രോജക്ട് ഡയറക്ടർ ശൈഖ് മുഹമ്മദ് കാരകുന്ന് പറഞ്ഞു. ഒരു വർഷത്തിനകം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്ന പദ്ധതിയിലൂടെ തുടക്കക്കാർക്ക് മുതൽ ഗവേഷണ വിദ്യാർഥികൾക്ക് വരെ പ്രയോജനപ്പെടുന്ന രീതിയിൽ തഫ്ഹീമിന്റെ ഇലക്ട്രോണിക് പതിപ്പ് സി.ഡി, ഡി.വി.ഡി രൂപത്തിൽ പുറത്തിറക്കാനാണ് പരിപാടി. വ്യത്യസ്ത രീതികളിൽ ഇൻഡക്സ് സൗകര്യം, ഉസ്മാനിയാ ലിപി, ഖുർആൻ പദങ്ങളുടെ വാക്കർഥം, ആയത്തുകളുടെ അർഥം, *തഫ്ഹീം* ആദ്യം മുതൽ പേജ് മറിച്ച് വായിക്കാൻ സൗകര്യം, തഫ്ഹീം പദങ്ങളുടെ വിശദീകരണം, രണ്ട് ഖാരിഉകളുടെ പാരായണം, കോപ്പി പേസ്റ്റ് സൗകര്യം, സെർച്ച് റിസൽട്ട് നോട്ട്പാഡിൽ സൂക്ഷിക്കാനും പ്രിന്റ് ചെയ്യാനും സൗകര്യം, പദം അടിസ്ഥാനമാക്കി വ്യത്യസ്ത രീതിയിൽ സെർച്ച്, തഫ്ഹീം വിഷയാധിഷ്ഠിത സെർച്ച്, തജ്‌വീദ് പഠനത്തിന് വിപുലമായ സംവിധാനം, ഖുർആൻ മനഃപാഠത്തിന് സൗകര്യം, ഖുർആൻ പദങ്ങളുടെയും തഫ്ഹീം പദങ്ങളുടെയും വിപുലമായ ഇൻഡക്സ്, വിഷയസൂചി, അനേകം ചിത്രങ്ങൾ, മാപ്പുകൾ, ഓഡിയോ- വീഡിയോ ക്ലിപ്പുകൾ, ഖുർആൻ ലൈബ്രറി, റഫറൻസ് ഗ്രന്ഥങ്ങൾ, മുസ്ഹഫ് ചരിത്രം, ഖുർആൻ ക്വിസ് തുടങ്ങി വിപുലമായ സംവിധാനങ്ങളോടെയാണ് തഫ്ഹീമിന്റെ ഇലക്ട്രോണിക് പതിപ്പ് തയാറാക്കുന്നതെന്നും അദ്ദേഹം അറിയിച്ചു.

മൗലാനാ മൗദൂദി 'തഫ്സീർ' എന്ന വാക്കിന് പകരം 'തഫ്ഹീം' ഉപയോഗിച്ചത് മനഃപൂർവമാണെും ഇതൊരു കേവല വൈജ്ഞാനിക ഗ്രന്ഥമല്ല, മറിച്ച് എന്താണ് ഖുർആനെന്ന് മാനവരാശിക്ക് മനസ്സിലാക്കിക്കൊടുക്കാനുള്ള ശ്രമമാണെും ആശംസാ പ്രസംഗത്തിൽ ഹൈദറലി ശാന്തപുരം പറഞ്ഞു. അൽജാമിഅ അൽ ഇസ്‌ലാമിയ വകീൽ ഡോ. അബ്ദുസ്സലാം വാണിയമ്പലം, കെ.ഐ.ജി പ്രതിനിധി ജമാൽ മുഹ്‌യിദ്ദീൻ ആലുവായ്, പി.ടി അബ്ദുർറഹ്മാൻ ആശംസ നേർന്നു. പ്രോജക്ട് കൺവീനർ വി.കെ അബ്ദു സ്വാഗതവും എക്സിക്യൂട്ടീവ് എഡിറ്റർ സി.ടി അബൂദർറ് നന്ദിയും പറഞ്ഞു.

ഇലക്ട്രോണിക് പതിപ്പിന്റെ പ്രവർത്തനങ്ങൾക്കായി ടി.കെ അബ്ദുല്ല (ചീഫ് എഡിറ്റർ) പി.ടി അബ്ദുർറഹ്മാൻ (എഡിറ്റർ) സി.ടി അബൂദർറ്, ഒ. അബ്ദുർറഹ്മാൻ, വി.എ കബീർ, ടി.കെ ഉബൈദ്, അശ്റഫ് കീഴുപറമ്പ്, പ്രഫ. യാസീൻ അശ്റഫ്, വി.കെ ജലീൽ, എ.എ ഹലീം, ശിഹാബുദ്ദീൻ അമ്പലപ്പുഴ, കെ.ടി ഹുസൈൻ, കെ. അബ്ദുർറസ്സാഖ്, സ്വദ്റുദ്ദീൻ വാഴക്കാട്, കെ. സുഹൈർ അലി, ജഅ്ഫർ എളമ്പിലാക്കോട്, സലീം മുണ്ടുമുഴി എന്നിവരുൾക്കൊണ്ട എഡിറ്റോറിയൽ ബോർഡും കെ. അബ്ദുല്ലാ ഹസന്റെ നേതൃത്വത്തിൽ വി.കെ അലി, ഡോ. അബ്ദുസ്സലാം വാണിയമ്പലം, ഹൈദറലി ശാന്തപുരം, എം.യു അബ്ദുൽ ഹഫീദ്, പി.സെയ്ദ് ഇബ്റാഹീം, കെ.എ ഖാദിർ ഫൈസി, കെ. അബ്ദുൽ കരീം, എം.കെ മുഹമ്മദ്, സി.സി നൂറുദ്ദീൻ, കെ.പി അബ്ദുല്ലാ ഹൈദർ, വി.ടി സമദ്, എം. സൈനുദ്ദീൻ, അബ്ദുസ്സലാം പുലാപ്പറ്റ, ഒ.പി ഹംസ, ടി. അബ്ദുല്ലാ ഫൈസി, ബുശൈറുദ്ദീൻ ശർഖി, മുഹമ്മദ് ഇസ്ഹാഖ് മൊയ്തീൻ, എം. അലവിക്കുട്ടി മൗലവി, കെ.എം അശ്റഫ് എന്നിവരുൾക്കൊണ്ട ഇരുപതംഗ കണ്ടന്റ് മാനേജ്മെന്റ് വിഭാഗവും രൂപവത്കരിച്ചിട്ടുണ്ട്. ഉള്ളടക്കം തയാറാക്കുന്നതിൽ അൽജാമിഅ അൽഇസ്‌ലാമിയ്യയിലെ അധ്യാപകരുടെയും വിദ്യാർഥികളുടെയും സേവനങ്ങളും പ്രയോജനപ്പെടുത്തും.

കെ.എ നാസർ അസി. കൺവീനറായും സി.കെ അബ്ദുല്ലത്വീഫ്, പി.വി അബ്ദുശ്ശുകൂർ എന്നിവർ കോ-ഓർഡിനേറ്റർമാരായും പ്രവർത്തിക്കുന്നു. ഒനിക്സ് സോഫ്റ്റ്‌വെയർ ആന്റ് വെബ് സൊല്യൂഷൻസാണ് പദ്ധതിയുടെ സാങ്കേതിക പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നത്.

പ്രോജക്ട് കൺവീനറുടെ വിലാസം:
V.K. Abdu
Wardha House, Po. Irumbuzhi, Pin. 676 513
Malappuram Dist. Mob. 9946036295, Tel. 04832736295
vkabdu@sancharnet.in

## ‘ക്രിസ്ത്യൻ-മുസ്‌ലിം’ പുരോഹിതക്ക് സസ്പെൻഷൻ

ആൻ ഹോംസ് റെഡ്ഡിംഗ് എന്ന ക്രിസ്ത്യൻ പുരോഹിതയെ ഒരു വർഷത്തേക്ക് മേലധികാരികൾ സസ്പെന്റ് ചെയ്തു. അമേരിക്കയിലെ റോസ് ഐലന്റിലാണ് സംഭവം. വളരെ വിചിത്രമാണ് കാരണം. ഇങ്ങനെയൊരു സംഭവം ഒരു സഭാ ചരിത്രത്തിലും കാണാനിടയില്ല. കഴിഞ്ഞ 23 വർഷമായി റോസ് ഐലന്റിലെ സെന്റ് മാർക് എപിസ്കോപൽ ചർച്ചിൽ പുരോഹിതയാണ് റെഡ്ഡിംഗ്. കഴിഞ്ഞ മാസം *സിയാറ്റിൽ ടൈംസിന്* നൽകിയ അഭിമുഖത്തിൽ ‘താൻ നൂറ് ശതമാനം ക്രിസ്ത്യാനിയും മുസ്‌ലിമുമാണെ’ന്ന് അവർ പറഞ്ഞത് വലിയ വിവാദത്തിന് വഴിവെച്ചിരുന്നു.

താൻ ശഹാദത്ത് വാക്യങ്ങൾ ഉച്ചരിച്ചിട്ടുണ്ടെന്നും പതിനഞ്ച് മാസമായി മുസ്‌ലിം ആരാധനാകർമങ്ങൾ അനുഷ്ഠിക്കുന്നുണ്ടെന്നും അവർ പറഞ്ഞു. ഞായറാഴ്ച ചർച്ചിൽ പ്രാർഥനക്ക് നേതൃത്വം കൊടുക്കും. വെള്ളിയാഴ്ച ഹിജാബ് ധരിച്ച് മുസ്‌ലിം സ്ത്രീകളോടൊപ്പം പ്രാർഥനയിൽ പങ്കുകൊള്ളും.

“ഒരാൾ ഒരേസമയം ക്രിസ്ത്യൻ-മുസ്‌ലിം വിശ്വാസപ്രമാണങ്ങൾ കൈക്കൊള്ളുന്നത് വൈരുധ്യമാണ്”- റെഡ്ഡിംഗിനെ സസ്പെന്റ് ചെയ്തുകൊണ്ടുള്ള പ്രസ്താവനയിൽ റോസ് ഐലന്റിലെ ബിഷപ്പ് ജെറാളിൻ വോൾഫ് വ്യക്തമാക്കി.

മുസ്‌ലിം-ക്രിസ്ത്യൻ കേന്ദ്രങ്ങൾ ഒരുപോലെ റെഡ്ഡിംഗിന്റെ നിലപാട് ശരിയല്ല എന്ന നിലപാടിലാണ്. ത്രിയേകത്വം, യേശുവിന്റെ ദിവ്യത്വം എന്നിവയിൽ അധിഷ്ഠിതമാണ് ക്രൈസ്തവ വിശ്വാസം. മുസ്‌ലിംകൾ യേശുവിനെ പ്രവാചകന്മാരിലൊരാളായാണ് കാണുന്നത്. “വിശ്വാസസംഹിതകൾ തമ്മിൽ തുറന്ന സംവാദം നടക്കേണ്ടത് നമ്മുടെ കാലഘട്ടത്തിന്റെ ആവശ്യംതന്നെ. എന്നാൽ ഒരേസമയം രണ്ട് വിശ്വാസരീതികൾ അനുധാവനം ചെയ്യുക എന്നത് മറ്റൊരു കാര്യമാണ്. ഇതൊരു കടന്ന കൈയായിപ്പോയി”-ഇസ്‌ലാം സ്വീകരിച്ച ഇംഗ്ലണ്ടിലെ മുൻ റോമൻ കാത്തലിക് പുരോഹിതൻ ഇദ്‌രീസ് തൗഫീഖ് പറഞ്ഞു. ■

## പാവപ്പെട്ടവന്റെ മേയർ

ഉവൈസ് മുഹമ്മദ് ഇംതിയാസ് ഒരു സാദാ റിക്ഷാ ഡ്രൈവറായിരുന്നു, കഴിഞ്ഞ ജൂൺ 30 വരെ. ഒരു പാവപ്പെട്ട കുടുംബത്തിൽ ജനനം. ചെറുപ്പത്തിലേ അനാഥനായി. ഒമ്പതാം ക്ലാസ് വരെ മാത്രമേ പഠിക്കാനായുള്ളൂ. പിന്നെ ഉമ്മയും ഒരു സഹോദരിയുമടങ്ങുന്ന കുടുംബം പോറ്റാനായി നഗരത്തിലേക്കിറങ്ങി. വിവാഹം കഴിഞ്ഞെങ്കിലും ദാരിദ്ര്യം കാരണം ഭാര്യയെ ഒരു ഗൾഫ് രാജ്യത്തേക്ക് ഹോം നഴ്സായി പറഞ്ഞയക്കേണ്ടിവന്നു.

ഉവൈസ് ഇന്ന് കൊളംബോ നഗരത്തിന്റെ മേയറാണ്. തികച്ചും അപ്രതീക്ഷിതമായി, വളരെ നാടകീയമായി ഈ ഇരുപത്തിമൂന്നുകാരൻ മേയറായി തെരഞ്ഞെടുക്കപ്പെടുകയായിരുന്നു. കൊളംബോയുടെ ചരിത്രത്തിൽ ഇത്ര പ്രായം കുറഞ്ഞ മേയർ മുമ്പ് ഉണ്ടായിട്ടില്ല. മുസ്‌ലിംകൾ ശ്രീലങ്കൻ ജനസംഖ്യയുടെ ഏഴു ശതമാനമാണ്. അവരിലൊരാൾ കൊളംബോ മേയറാവുക എന്നത് മറ്റൊരു അപൂർവത.

ശ്രീലങ്കയിലും തെരഞ്ഞെടുപ്പിൽ മത്സരിക്കണമെങ്കിൽ പണമൊഴുക്കാൻ കഴിയണം. ഭരണ പ്രതിപക്ഷങ്ങൾ തമ്മിലുള്ള പോരാണ് ഉവൈസിന് അനുഗ്രഹമായത്. ഇരു പക്ഷത്തിനും സ്വന്തം സ്ഥാനാർഥിയെ വിജയിപ്പിക്കാൻ കഴിയാത്ത സാഹചര്യത്തിൽ യുനൈറ്റഡ് നാഷനൽ പാർട്ടി ഉൾപ്പെടെയുള്ള പ്രതിപക്ഷം സാധാരണക്കാരനും സത്യസന്ധനുമായ ഉവൈസിനെ പിന്തുണക്കുകയായിരുന്നു.

2.7 മില്യൻ ജനങ്ങൾ താമസിക്കുന്ന കൊളംബോ നഗരത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയാണ് തന്റെ ആദ്യ പദ്ധതിയെന്ന് ഉവൈസ് പറഞ്ഞു. തെരഞ്ഞെടുക്കപ്പെട്ട രണ്ടാം ദിവസം തന്നെ അദ്ദേഹം ഒരു നഗര ശുചീകരണ യത്നവും ആരംഭിച്ചിട്ടുണ്ട്. ‘വിഭാഗീയ ചിന്താഗതികൾക്ക് അതീതമായി പ്രവർത്തിക്കാൻ ഞാൻ ശ്രമിക്കും’ - സാധാരണക്കാരന്റെ വേഷത്തിൽ പ്രത്യക്ഷപ്പെട്ട മേയർ പറഞ്ഞു. ■

## പരമ്പരാഗത ബാങ്കുകളെ പിറകിലാക്കുന്ന വളർച്ച

ഏഷ്യയിൽ ഇസ്‌ലാമിക് ബാങ്കിംഗ് അതിവേഗം വളരുകയാണെന്നും സേവനമേഖലയിൽ പരമ്പരാഗത ബാങ്കുകളെ പിന്നിലാക്കാനുള്ള ശേഷി അതിനുണ്ടെന്നും പുതിയ ഫൈനാൻഷ്യൽ മാർക്കറ്റ് പഠനം. അമേരിക്ക ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന Financial Insights എന്ന സ്ഥാപനമാണ് പഠനം നടത്തിയതെന്ന് എ.എഫ്.പി റിപ്പോർട്ട് ചെയ്തു. ഏഷ്യൻ രാജ്യങ്ങളിൽ ഇസ്‌ലാമിക് ബാങ്കിംഗിന്റെയും ഫൈനാൻസിന്റെയും വളർച്ച എന്നതായിരുന്നു പഠനവിഷയം. മേഖലയിൽ ഇരട്ട സംഖ്യയുടെ അതിവേഗ വളർച്ചയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. മലേഷ്യ ഇസ്‌ലാമിക് ബാങ്കിംഗിന്റെ ആസ്ഥാനമായി വളർന്നിരിക്കുന്നു. ഇന്തോനേഷ്യ, പാകിസ്താൻ, തായ്‌ലന്റ്, സിംഗപ്പൂർ എന്നീ രാജ്യങ്ങളിലാണ് ഇസ്‌ലാമിക് ബാങ്കിംഗിന് കൂടുതൽ പ്രോത്സാഹനം ലഭിക്കുന്നത്.

“പരമ്പരാഗത ബാങ്കിംഗ് ഉൽപന്നങ്ങൾക്ക് കൂടുതൽ വിശ്വസനീയവും സുതാര്യവുമായ ബദലുകൾ സമർപ്പിക്കാൻ ഭാവിയിൽ ഇസ്‌ലാമിക ബാങ്കുകൾക്ക് കഴിയും”- പഠനത്തിന് നേതൃത്വം നൽകിയ അഭിഷേക് കുമാർ പറഞ്ഞു. “ഇസ്‌ലാമിക ഫണ്ടുകൾ മുസ്‌ലിംകളല്ലാത്ത വലിയൊരു വിഭാഗത്തെയും ആകർഷിക്കുന്നുണ്ട്.” മൂന്നു പതിറ്റാണ്ടു മുമ്പ് മാത്രം തുടക്കം കുറിച്ച ഇസ്‌ലാമിക ബാങ്കുകൾ ഇക്കാലയളവിൽ അമ്പരപ്പിക്കുന്ന വളർച്ചാനിരക്കാണ് കൈവരിച്ചത്. ലോകവ്യാപകമായി ഇപ്പോൾ 300 ഇസ്‌ലാമിക ബാങ്കുകളും ധനമിടപാട് സ്ഥാപനങ്ങളും പ്രവർത്തിക്കുന്നു. 2013 ആവുമ്പോഴേക്കും ഇവയുടെ ആസ്തി ഒരു ട്രില്യൻ ഡോളറാകുമെന്ന് കരുതപ്പെടുന്നു. പാശ്ചാത്യനാടുകളിലും ഇതൊരു ബദൽ സംവിധാനമായി അംഗീകരിക്കപ്പെട്ടിരിക്കുന്നു. ■